പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2278

26.3.2013-ലെ
മറുപടിയ്ക്ക്

**പെരുമ്പാവൂർ ട്രാവൻകൂർ റെയോൺസ്**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സാജു പോൾ | | ശ്രീ.പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) പെരുമ്പാവൂർ ട്രാവൻകൂർ റെയോൺസിൻെറ പ്രതിസന്ധി പരിഹിക്കുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ), ബി), സി) & ഡി) | 2001 മുതൽ ട്രാവൻകൂർ റെയോൺസ് പ്രവർത്തിക്കുന്നില്ല. പ്രസ്തുത കമ്പനി തുറന്ന് പ്രവർത്തിക്കുന്നതിന് വേണ്ടി കമ്പനി മാനേജ്മെൻറും സർക്കാരും നിരന്തരം പരിശ്രമിച്ചുവെങ്കിലും ഒരു നടപടിയും ഫലപ്രാപ്തിയിൽ എത്തിയില്ല. ഈ സാഹചര്യത്തിൽ കമ്പനിക്ക് ബാങ്കുകളുമായുള്ള ബാധ്യത തീർത്ത് തൊഴിലാളികളുടെ ആനുകൂല്യം നൽകി അവരെ പിരിച്ചയച്ച ശേഷം കമ്പനിയുടെ കൈവശമുള്ള ഭൂമിയിൽ ഒരു ന്യൂ ജനറേഷൻ വ്യവസായം ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിഗണനയിലാണ്. |
| ബി) കമ്പനിയുടെ ബാദ്ധ്യത തീർക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | | കമ്പനി അടച്ചുപൂട്ടുന്നതിനുള്ള നിർദ്ദേശം ബഹു: ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ ഹൈക്കോടതി യുടെ കൂടി അനുമതി ലഭിച്ച ശേഷം ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. |
| സി) തൊഴിലാളികളുടെ ആനുകൂല്യങ്ങൾ എന്ന് കൊടുത്തു തീർക്കും എന്ന് വ്യക്തമാക്കുമോ; | | |
| ഡി) കമ്പനി സ്ഥലത്ത് പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | | |

| | |
|---|---|
| ഇ) കമ്പനിയിലെ സുരക്ഷാ ക്രമീകരണങ്ങൾക്കും ദൈനംദിന കാര്യങ്ങൾക്കും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്? | ഇ) 2001 ജൂലായ് മാസത്തിൽ ട്രാവൻകൂർ റെയോൺസ് ലേ ഓഫ് ചെയ്തപ്പോൾ Essential service നു വേണ്ടി നിലനിർത്തിയ ജീവനക്കാരിൽ നിന്നുള്ള 23 ജീവനക്കാരാണ് കമ്പനിയിലെ സുരക്ഷാ ക്രമീകരണങ്ങൾക്കും ദൈനംദിന കാര്യങ്ങൾക്കുമായി ഇപ്പോൾ ജോലി ചെയ്യുന്നത്. 2013- മാർച്ച് മാസം വരെ ഇവർക്ക് ശമ്പളം നൽകുന്നതിനും മറ്റു ഓഫീസ് ചിലവുകൾക്കുമായി സർക്കാരിന്റെ ഉത്തരവു പ്രകാരം കിൻഫ്രയിൽ നിന്നും 24,86,200 രൂപ ലഭ്യമാക്കിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ചാണ് കമ്പനിയുടെ സുരക്ഷാ ക്രമീകരണങ്ങളും ദൈനംദിന കാര്യങ്ങളും നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ